പൊതുഒഴിവു ദിവസം

* 185 (707) ശ്രീ. സി. ഗോവിന്ദപ്പണിക്കർ,
,, സി. ബി. ചന്ദ്രശേഖരവാര്യർ,
,, ഇ. ബാലാനന്ദൻ,
,, പി. ഗംഗാധരൻ,
,, ആർ. കൃഷ്ണൻ (ആലത്തൂർ),
,, വി. കൃഷ്ണദാസ്,
,, കെ. ചാത്തുണ്ണി മാസ്റ്റർ,
,, ഇ. പി. കൃഷ്ണൻ നമ്പ്യാർ,
,, എ. എസ്. പുരുഷോത്തമൻ,
,, വി. വി. ദക്ഷിണാമൂർത്തി,
,, ടി. എം. മീതിയൻ,
,, എം. കെ. കൃഷ്ണൻ,
,, മുസ്തഫാ കെമാൽ,
,, ടി. കെ. രാമകൃഷ്ണൻ,
,, കെ. കരുണാകരൻ നായർ,
,, വി. എസ്. അച്ചുതാനന്ദൻ,
,, പി. ഗോവിന്ദപ്പിള്ള,
,, ഇ. എം. ജോർജ്ജ്,
,, ഇ. കെ. ഇമ്പിച്ചിബാവ,
,, ടി. കെ. കൃഷ്ണൻ,
,, സി. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970 ഫെബ്രുവരി 27—ാം തീയതി സംസ്ഥാന ഗവൺമെന്റ് ഒരു ഒഴിവു ദിവസമായി പ്രഖ്യാപിക്കുകയുണ്ടായോ;

(ബി) എങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഉവ്വ്.

(ബി) പരേതനായ ശ്രീ. മന്നത്ത് പത്മനാഭനോടുള്ള ബഹുമാന സൂചകമായി അദ്ദേഹത്തിന്റെ ശവസംസ്ക്കാരദിനമായ 1970 ഫെബ്രുവരി 27—ാം തീയതി ഒരു പൊതുഒഴിവു ഗവൺമെന്റ് പ്രഖ്യാപിക്കുകയുണ്ടായി.

കാക്കടവ് ഡാം

* 186 (708) ശ്രീ. വി. വി. കുഞ്ഞാമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റിൽ പുതുതായി ആരംഭിക്കാൻ പോകുന്ന വൻകിട ജലസേചനപദ്ധതികളിൽ കാക്കടവ് ഡാമിനു മുൻഗണന കൊടുക്കാൻ സ്റ്റേറ്റ് ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണോ?

(ബി) 1969—70 ലെ ബഡ്ജറ്റിൽ കാക്കടവു ഡാമിന്റെ പ്രവർത്തിയാരംഭിക്കുന്നതിന് ഒരു ടോക്കൺ എമൗണ്ടു കൂടി വകയിരുത്തിയിട്ടും 70—71—ലെ ബഡ്ജറ്റിൽ അതിനെ സംബന്ധിച്ച് യാതൊന്നും പറഞ്ഞുകാണാത്തതിന് കാരണമെന്താണെന്നു പറയാമോ,

LIBRARY ARCHIVES Kerala Legislative Assembly

(സി) കാക്കടവു പദ്ധതിയുടെ വല്ല ഇൻവെസ്റ്റിഗേഷൻ പ്രവർത്തനവും ഇന്നു നടക്കുന്നുണ്ടോ,

(ഡി) ഇൻവെസ്റ്റിഗേഷൻ പ്രവർത്തനം ഏതു വരെ പുരോഗമിച്ചിട്ടുണ്ട്:

(ഇ) പദ്ധതി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് പറയാമോ?

കൃഷിയും ജലസേചനവും മന്ത്രി (ശ്രീ. ഒ. കോരൻ)

(എ) നാലാം പഞ്ചവൽസരപദ്ധതിക്കാലത്ത് ഏതെങ്കിലും പുതിയ ജലസേചനപദ്ധതി തുടങ്ങണമെന്നോ തുടങ്ങുകയാണെങ്കിൽ ഏതു പദ്ധതിക്ക് മുൻഗണന നൽകണമെന്നോ തീരുമാനിച്ചു കഴിഞ്ഞിട്ടില്ല.

(ബി) നാലാം പഞ്ചവൽസരപദ്ധതിയിൽ പുതിയ പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് സംബന്ധിച്ച തീരുമാനമൊന്നും എടുത്തു കഴിഞ്ഞിട്ടില്ലെന്നുള്ളതിനാലാണ് 70—71 സാമ്പത്തിക വർഷത്തിൽ കാക്കടവു പദ്ധതിക്ക് തുകയൊന്നും കൊള്ളിക്കാത്തത്.

(സി) നടക്കുന്നുണ്ട്.

(ഡി) ഫീൽഡ് ഇൻവെസ്റ്റിഗേഷൻ ഏകദേശം പൂർത്തിയായി കഴിഞ്ഞു. വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുതയ്യാറാക്കിവരികയാണ്.

(ഇ) കൃത്യമായി പറയുവാൻ ഇപ്പോൾ സാദ്ധ്യമല്ല.

പി. ഡബ്ളിയു. ഡി. യുടെ കീഴിലെ റെസ്റ്റുഹൗസുകൾ

* 187 (709) ശ്രീ. എൻ. വാസുദേവൻപിള്ള,
,, ഇ. വി. കുമാരൻ,
,, മുസ്തഫാ കെമാൽ,
,, സി. കെ. ബാലകൃഷ്ണൻ,
,, ഈ. കെ. ഇമ്പിച്ചിബാവ,
,, എസ്. ദാമോദരൻ,
,, ഇ. വി. കൃഷ്ണൻ നമ്പ്യാർ,
,, എ. എസ്. നമ്പീശൻ,
,, പി. കുഞ്ഞൻ,
,, ഈ. എം. ജോർജ്ജ്:
,, ഏ. വി. ആര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന പി. ഡബ്ലിയു. ഡി. യുടെ കീഴിൽ പുതുതായി റെസ്റ്റു ഹൗസുകൾ തുടങ്ങുവാൻ ഗവൺമെൻറ് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള റസ്റ്റു ഹൗസുകളിൽ വേണ്ടത്ര സ്റ്റാഫും സ്ഥലസൗകര്യങ്ങളും ഇല്ലായെന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ചെറുതുരുത്തി ടി. ബി. ഇപ്പോഴിരിക്കുന്ന സ്ഥലത്തു നിന്നും മാറ്റി സ്ഥാപിക്കാൻ പോകുന്നു എന്നു കേൾക്കുന്നതു ശരിയാണോ?

(ഡി) എന്നാൽ കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly